'ഭരണഭാഷ - മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് -ദേശീയ സമ്പാദ്യ പദ്ധതിവകുപ്പ്- 65 വയസ്സ് കഴിഞ്ഞഏജന്റുമാർക്കു നിബന്ധനകൾക്ക് വിധേയമായി ലോക്ക്ഡൗണിനു മുൻപ് പിരിച്ചെടുത്ത തുക പോസ്റ്റ്ഓഫീസിൽ അടയ്ക്കുന്നതിനു അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

========================================================================

**ധനകാര്യ (ഭരണം.സി ) വകുപ്പ്**

സ.ഉ(സാധാ) നം. 3774/2020/ധന  തീയതി, തിരുവനന്തപുരം, 19.06.2020

========================================================================

പരാമർശം: 1) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ നം.1140/ദേ.സ.പ ബി1/2018/ധന ഫയൽ

2) സ.ഉ(സാധാ) നം 3110/2020/ധന തീയതി 20.5.2020

**ഉത്തരവ്**

കോവിഡ് 19 മായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ 65 വയസുകഴിഞ്ഞ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് ഭവന സന്ദർശനം നടത്തി നിക്ഷേപ സമാഹരണം നടത്തുന്നതിനും തുക പോസ്റ്റ് ഓഫീസിൽ ഒടുക്കുന്നതിനും പരാമർശം (2) ലെ ഉത്തരവു പ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. 65 വയസ്സ് കഴിഞ്ഞ പല ഏജന്റുമാർക്കും ലോക്ക്ഡൗണിനു മുൻപ് സമാഹരിക്കേണ്ട തുക പിരിച്ചെടുക്കുന്നതിനോ, പിരിച്ചെടുത്ത തുക പോസ്റ്റ്ഓഫീസിൽ അടയ്ക്കുന്നതിനോ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്നും ഇത് നിക്ഷേപകരുടെ വിശ്വാസം നഷ്ടപ്പെടാൻ ഇടയാക്കുമെന്നും ഏജന്റുമാരുടെ ഉപജീവനമാർഗം തടസപ്പെടുന്ന അവസ്ഥയുണ്ടാക്കുമെന്നും ആയതിനാൽ നിലവിലെ നിയന്ത്രണങ്ങളിൽ ഇളവു വരുത്തി ഏജൻസി പ്രവർത്തനം നടത്താൻ അനുമതി നൽകണമെന്നും പരാമർശ ഫയൽ പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോവിഡ് കാല പ്രതിരോധ നിബന്ധനകൾക്ക് വിധേയമായി 65 വയസ്സ് കഴിഞ്ഞ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കു ലോക്ക്ഡൗണിനു മുൻപ് പിരിച്ചെടുത്ത തുക പോസ്റ്റ്ഓഫീസിൽ അടയ്ക്കുന്നതിനു ഒരു തവണ യാത്ര ചെയ്യുന്നതിന് അനുവാദം നൽകുന്നു. തുടർന്നും തുക പിരിച്ചെടുക്കുന്നതിനും തുക പോസ്റ്റ്ഓഫീസിൽ അടയ്ക്കുന്നതിനുമായി ഒരു മെസ്സഞ്ചറെ നിയന്ത്രണങ്ങൾ നിലനിൽക്കുന്ന കാലത്തേയ്ക്ക് മാത്രം നിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സിന്ധു.പി.എം**

**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ &ആർ.എസ്.എ) കേരള, തിരുവനന്തപുരം

ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (E. No.1501070)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned with CamScanner